പ്രസ്സ് റിലീസ്

# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**
**email : helpdoc@rbi.org.in**

**വാർത്താവിനിമയ വിഭാഗം**
സെൻട്രൽ ഓഫീസ്, എസ്. ബി. എസ്. മാർഗ്, മുംബൈ - 400001
ഫോൺ : 91 22 2266 0502 ഫാക്സ് : 91 22 22660358

മാര്ച്ച് 08, 2016

## മേല്നോട്ട സഹകരണവും, മേല്നോട്ട വിവരങ്ങളുടെ പങ്കുവെയ്ക്കലും - ഇസ്രേല് ബാങ്കുമായി ആര്. ബി. ഐ. ധാരണാപത്രം ഒപ്പുവയ്ക്കുന്നു.

റിസര്വ് ബാങ്ക്, ഇസ്രേല് ബാങ്കുമായി മേല്നോട്ടസഹകരണവും, മേല്നോട്ടവിവരങ്ങളുടെ പങ്കുവയ്ക്കലും സംബന്ധമായുള്ള ഒരു ധാരണാപത്രം (MoU) ഒപ്പുവച്ചു. ഇസ്രേല് ബാങ്കിനുവേണ്ടി, അതിന്റെ സൂപര്വൈസര് ഡോ. ഹെഡ്വാ ബേറും, റിസര്വ് ബാങ്കിന് വേണ്ടി, ബാങ്കിംഗ് സൂപെര്വിഷന് വിഭാഗം ചീഫ് ജനറല് മാനേജര് - ഇന് -ചാര്ജ് ശ്രീമതി. പാര്വ്വതി വി. സുന്ദരവുമാണ് ധാരണാപത്രം ഒപ്പുവച്ചത്.

റിസര്വ് ബാങ്ക് ഓഫ് ഇന്ഡ്യ മറ്റ് രാജ്യങ്ങളുമായി കൂടുതല് സഹകരണം സ്ഥാപിക്കുന്നതിന് വേണ്ടിയും, മേല്നോട്ടസംബന്ധമായ വിവരങ്ങള് പങ്കുവയ്ക്കുന്നതിന് വേണ്ടിയും മേല്നോട്ട സഹകരണരേഖകളും, സഹകരണ പ്രഖ്യാപനവും ഒപ്പുവച്ചിട്ടുണ്ട്. ഇതുള്പ്പെടെ റിസര്വ് ബാങ്ക് ഇതുപോലെ 32 മേല്നോട്ട സഹകരണ ധാരണാ പത്രങ്ങളും, ഒരു സഹകരണ പ്രഖ്യാപനവും ഒപ്പു വച്ചിരിക്കുന്നു.

**പ്രസ്സ്റിലീസ് 2015-2016/2101**

**അല്പന കില്ലാവാല**
പ്രിന്സിപ്പല് അഡൈ്വസര്